പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4889 — 5-2-2014-ൽ മറുപടിക്ക്

## സൂചനാ ബോർഡുകൾ സ്ഥാപിക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. ജോസഫ് വാഴക്കൻ:<br>ശ്രീ.ആർ. സെൽവരാജ് : | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എത്തുന്നവർക്ക് വഴിയറിയാൻ സഹായകരമാകുംവിധം സൂചനാ ബോർഡുകൾ സ്ഥാപിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ദേശീയ പാതകളിലും നഗരങ്ങളിലും പട്ടണങ്ങളിലുമുള്ള മറ്റു റോഡുകളിലും സൂചനാ ബോർഡുകൾ സ്ഥാപിക്കണമെന്ന് 29-7-13-ൽ സ.ഉ. (എം.എസ്) നം.271/2013/തസ്വഭവ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) എവിടെയൊക്കെയാണ് ഇത്തരം സൂചനാ ബോർഡുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ; | (ബി) | . തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തീരുമാനിക്കുന്ന, പൊതുജനത്തിനു ഗുണകരമാകുംവിധം പ്രധാന റോഡുകളിൽ/സ്ഥലങ്ങളിലാണ് ഇത്തരം ബോർഡുകൾ സ്ഥാപിക്കുന്നത്. |
| (സി) ഇതിനായുള്ള ചെലവുകൾ എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ട് ഉപയോഗിച്ച് സൂചനാ ബോർഡുകൾ സ്ഥാപിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | 29-7-2013-ലെ സ.ഉ. (എം.എസ്) നം. 271/2013/തസ്വഭവ പ്രകാരം സൂചനാ ബോർഡുകൾ സ്ഥാപിക്കാനും ചെലവ് തനത് ഫണ്ടിൽ നിന്ന് ഉപയോഗിക്കാനും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ